തീരദേശ വികസന അതോറിറ്റി

*20 [288] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന അതോറിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവിൻ പ്രകാരം തീരദേശ വികസന അതോറിറ്റിയുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) തീരദേശ വികസന അതോറിറ്റിയുടെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):*

(എ) ഉണ്ട്.

(ബി) 1. കടലോര മേഖലയ്ക്ക് ആവശ്യമായ കുടിവെള്ളം, ഫിഷറീസ് റോഡുകൾ, ശുചിത്വമുള്ള കക്കൂസുകൾ, ആരോഗ്യ സംരക്ഷണം എന്നീ അടിസ്ഥാന സൗകര്യ മേഖലകളിൽ പദ്ധതികൾ രൂപപ്പെടുത്തുകയും, നടപ്പിലാക്കുകയും ചെയ്യുക.

2. സൗകര്യ മേഖലയുടെ സഹകരണത്തോടെ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളും മത്സ്യബന്ധന തുറമുഖങ്ങളും നിർമ്മിക്കുക.

3. കടലോര ടൂറിസം പ്രോജക്ടുകൾ വികസിപ്പിക്കുക.

4. കപ്പൽ ഗതാഗതത്തിന് ആവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കുക.

5. ആവശ്യകതയനുസരിച്ച് കടലോര മേഖലയിൽ സേവനം ലഭ്യമാക്കുന്നതിന് കമ്പനികളെ പ്രോത്സാഹിപ്പിക്കുക.

6. കടലോരത്തും, കടലിലും, സുസ്ഥിരമായ മത്സ്യ സംരക്ഷണ നടപടികൾ സ്വീകരിക്കുക.

7. ഗവൺമെന്റ് നിഷ്ക്കർഷിക്കുന്ന ഇതര പ്രോജക്ടുകൾ (കടലോര മേഖലയുമായി ബന്ധപ്പെട്ട) ഏറ്റെടുക്കുക.

8. ഏജൻസിയുടെ പ്രവർത്തന ലക്ഷ്യം കൈവരിക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്നുള്ള പ്രവർത്തനം നടത്തുക.

(സി) 27-4-2005-ലെ സർക്കാർ ഉത്തരവ് നം. (എം.എസ്.) 13/2005/ മതുറ. പ്രകാരം ട്രാവൻകൂർ-കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി ആക്ടനുസരിച്ച് 13-7-2005-ന് തീരദേശ വികസന ഏജൻസി രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഗവേണിംഗ് ബോഡിയിലേക്ക് നാമനിർദ്ദേശം പൂർത്തിയായാലുടൻ ഗവേണിംഗ് ബോഡി വിളിച്ചുകൂട്ടുന്നതും കോസ്റ്റൽ ഏരിയാ ഡെവലപ്പ്മെന്റ് ഏജൻസി പ്രവർത്തിക്കുന്നതിനാവശ്യമായ രൂപരേഖ തയ്യാറാക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly